# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 200

18.06.2013ൽ മറുപടിക്ക്.

### സൗരോർജ്ജ പാനലുകളുടെ നിർമ്മാണം

**ചോദ്യം**

ശ്രീ. വി. റ്റി. ബൽറാം
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. എം. പി. വിൻസെന്റ്

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് സൗരോർജ്ജ പാനലുകൾ നിർമ്മിക്കാൻ കൊറിയൻ കമ്പനിയുമായി കെ.എസ്.ഐ.ഡി.സി. ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;

എ) ഉണ്ട്. സൗരോർജ്ജത്തിന്റെ അവസരങ്ങൾ സംസ്ഥാനത്ത് പ്രയോജനപ്പെടുത്താനായി സോളാർ സെൽ നിർമ്മാണ സാമഗ്രികൾ വികസിപ്പിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന കൊറിയൻ കമ്പനിയായ ജൂസുങ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സോളാർ സെൽ ആന്റ് മൊഡ്യൂൾ മാനുഫാക്ചറിങ് സംരഭത്തിനുള്ള ധാരണാ പത്രം 2013 ഏപ്രിൽ 24-ാം തീയതി ഒപ്പു വച്ചു.

ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

ബി) ടി ധാരണ പ്രകാരം പദ്ധതിയുടെ സാധ്യതകൾ വിശകലനം ചെയ്യുന്നതിനായി സാധ്യതാപഠനം നടത്തുന്നതാണ്. കെ.എസ്.ഐ.ഡി.സി പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. സാധ്യതാപഠന റിപ്പോർട്ട് അനുകൂലമാണെങ്കിൽ സംയുക്ത സംരംഭത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതുമാണ്.

സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

സി) കെ.എസ്.ഐ.ഡി.സിയും യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡ്യാ ലിമിറ്റഡുമാണ് പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടു വരുന്നത്.

ഡി) ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനവും വിപണന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) ഈ പദ്ധതിയുടെ സാധ്യതാപഠനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും അവർ അതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതു പരിശോധിച്ച ശേഷം വിപണന പദ്ധതി ആവിഷ്കരിക്കുന്നതിനായി ആവശ്യമുള്ള പഠനം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ